LIBRARY ARCHIVES Kerala Legislative Assembly

മിലിട്ടറി ക്യാന്റീനുകളിലെ നിത്യോപയോഗ സാധനങ്ങളുടെ നികുതിയിളവ്

18 [1848] *ശ്രീ. തോമസ് പാഴികാടൻ:*
.. *കെ. നാരായണക്കുറുപ്പ്:*
.. *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിലിട്ടറി ക്യാന്റീനുകളിലൂടെ വിൽപ്പന നടത്തിവരുന്ന നിത്യോപയോഗ സാധനങ്ങൾക്ക് നൽകിയിരുന്ന നികുതിയിളവ് സർക്കാർ പൂർണ്ണമായും പിൻവലിച്ചിട്ടുണ്ടോ;

(ബി) വിമുക്ത ഭടൻമാർക്ക് ലഭിച്ചിരുന്ന ഈ ആനുകൂല്യം പുനഃസ്ഥാപിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2005 മുതൽ മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നതു മുതൽ കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം നൽകിയിട്ടുള്ള എല്ലാ നികുതി ഒഴിവുകളും നികുതി കിഴിവുകളും നിലവിലില്ലാതായി.

(ബി) മൂല്യവർദ്ധിത നികുതി നിയമത്തിൽ ഒരു വിഭാഗത്തിനും നികുതിയിളവോ, ഒഴിവോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്.

(സി) ഉണ്ട്.

(ഡി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ബാധകമല്ല.

മരവ്യവസായത്തിന് പ്രവേശന നികുതി ഏർപ്പെടുത്തിയ നടപടി

19 [1849] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വ്യവസായത്തിനായി കൊണ്ടുവരുന്ന തടിയ്ക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;